പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2941 **29-10-2026-ൽ മറുപടിയ്ക്ക്**

റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിങ് സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; ബുക്കിംഗ് തടസ്സപ്പെടുന്നതായും മുറികൾ ലഭ്യമാകുന്നതിൽ അനിശ്ചിതത്വമുണ്ടാകുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

മറുപടി: പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ്ങ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ബുക്കിങ്ങ് തടസം, മുറികൾ ലഭ്യമാകുന്നതിലുള്ള അനിശ്ചിതത്വം എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായിട്ടുള്ളവ എത്രയാണെന്നും അവയുടെ നവീകരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്തെ 54 റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപണികൾ ആവശ്യമായിട്ടുണ്ട്. അറ്റകുറ്റപണികൾ ആവശ്യമായിട്ടുള്ള റസ്റ്റ് ഹൗസുകളുടെ പേര് വിവരങ്ങളും അവയുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഉൾക്കൊള്ളുന്ന വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.

(സി) റസ്റ്റ് ഹൗസുകളുടെ ശുചിത്വം, സുരക്ഷ, ജീവനക്കാരുടെ സേവനം, മുറികളുടെ ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിന് പരിശോധനാ സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: റസ്റ്റ് ഹൗസുകളുടെ ശുചിത്വം, സുരക്ഷ, ജീവനക്കാരുടെ സേവനം, മുറികളുടെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുന്നതിനായി മാനേജർ/കെയർടേക്കർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനോടൊപ്പം ഡിവിഷൻ കാര്യാലയങ്ങളിലെ ജൂനിയർ സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുകയും മാസം തോറും റസ്റ്റ് ഹൗസുകളിൽ പരിശോധന നടത്തുകയും, കണ്ടെത്തുന്ന അപാകതകളിൽ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ ആകസ്മിക പരിശോധനകളും നടന്നുവരുന്നു.

(ഡി) ബുക്കിംഗ് സംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും റസ്റ്റ് ഹൗസുകളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വരുമാനച്ചോർച്ചയും ക്രമക്കേടുകളും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ബുക്കിംഗ് സംവിധാനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി പൊതുജനങ്ങൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റസ്റ്റ് ഹൗസ് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, പൊതുജനങ്ങൾക്ക് ഓൺലൈൻ ബുക്കിങ്ങുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും, റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് കണ്ട്രോൾ റൂം (CCR) തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്നു. വരുമാന ചോർച്ചയും ക്രമക്കേടുകളും തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇടവേളകളിലുള്ള പരിശോധനകൾ റസ്റ്റ് ഹൗസ് ചുമതലയുള്ള അധികാരികളുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. റെസ്റ്റ് ഹൗസുകളുടെ നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾസ്വീകരിക്കുന്നതിനായി എല്ലാ ജില്ലകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചുമതല നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

2941 (ബി)

ക്രമ നം.	റസ്റ്റ് ഹൗസിന്റെ പേര്	റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ
തിരുവനന്തപുരം		
1	തൈക്കാട്	ടി റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്
2	പാലോട്	
3	നെടുമങ്ങാട്	
4	പൊന്മുടി	
5	ആര്യനാട്	
6	വിതുര	
കൊല്ലം		
7	കുളത്തൂപ്പുഴ	Rest House-ൽ പെയിന്റിംഗ് പ്രവർത്തികൾ ചെയ്യുവാനുണ്ട് ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.
8	കേരള പാലസ് കുറ്റാലം	നിലവിലെ RC പ്രവർത്തിയിൽ ഉൾപ്പെടുത്തി door frame, sheet roofing, water heater സ്ഥാപിക്കൽ Water tank നവീകരണം Painting എന്നീ പ്രവർത്തികൾ നടന്നുവരുന്നു. ഇതുകൂടാതെ False ceiling പ്രവർത്തികൾ പ്രത്യേകമായി ക്രമീകരിച്ചിട്ടുണ്ട്. പഴയ പ്ലംബിംഗ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി Tender stage-ൽ ആണ്
9	ആര്യങ്കാവ്	False ceiling പ്രവർത്തി നടന്നുവരുന്നു. ഇതിൽ ഉൾപ്പെടുത്തി പെയിന്റിംഗ് പ്രവർത്തി കൂടി ചെയ്യുവാൻ ഉണ്ട്.
10	കരുനാഗപ്പള്ളി	അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി പത്ത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ടെൻഡർ സ്റ്റേജിലാണ്.
11	ശാസ്താംകോട്ട	റസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ Providing sheet rooting to the leak protection works എന്ന പ്രവൃത്തിക്കായി നിലവിൽ സൈറ്റ് കൈമാറിയിട്ടുണ്ട്.
12	പൊഴിക്കര	നിലവിൽ ഉപയോഗയോഗ്യമല്ലാത്ത റസ്റ്റ് ഹൗസിന്റെ നവീകരണത്തിനായി 2025 -26 കാലയളവിലെ ബഡ്ജെറ്റിൽ ഉൾപ്പെടുത്തി 20 % provision ലഭിച്ചിട്ടുണ്ട് .
13	കൊട്ടാരക്കര	പുതിയ കെട്ടിടം നിർമ്മാണത്തിനായി 750 ലക്ഷത്തിന്റെ ഭരണാനുമതി 2025 ൽ ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

	പത്തനംതിട്ട	
14	പത്തനംതിട്ട	റസ്റ്റ് ഹൗസിന്റെ പഴയ ബ്ലോക്കിൽ 25 ലക്ഷം രൂപ അടങ്കൽ തുകയുള്ള നവീകരണ പ്രവൃത്തികൾ ആവശ്യമുണ്ട്
15	കോഴഞ്ചേരി	ക്യാന്റിനോട് അനുബന്ധിച്ചുള്ള ടോയിലറ്റിനും, Compound wall നും 25 ലക്ഷം രൂപ അടങ്കൽ തുകയുള്ള നവീകരണ പ്രവൃത്തികൾ ആവശ്യമുണ്ട്.
16	ശബരിമല ക്യാമ്പ് ഷെഡ്	നിലവിൽ അറ്റകുറ്റപ്പണികൾ നടക്കുകയാണ്.
17	റാന്നി	നിലവിൽ അറ്റകുറ്റപ്പണികൾ നടക്കുകയാണ്.
18	അടൂർ	നിലവിൽ അറ്റകുറ്റപ്പണികൾ നടക്കുകയാണ്.
19	കുളനട	നിലവിൽ അറ്റകുറ്റപ്പണികൾ നടക്കുകയാണ്.
	ആലപ്പുഴ	
20	ഹരിപ്പാട്	റസ്റ്റ് ഹൗസിന്റെ യാർഡ് ഇന്റർലോക്ക് ബ്യൂട്ടിഫിക്കേഷൻ വർക്കുകൾക്കായുള്ള 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇ 1/173/2026-PWD നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.
	കോട്ടയം	
21	ചങ്ങനാശ്ശേരി	റസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾക്കായി PWD Rest House Renovation Part 1 (PRICE ID PWD/BLDG/EST23686/2025) 6,30,052/- രൂപയുടെ ഒരു പ്രവൃത്തി tender നടപടികൾ പൂർത്തിയാക്കി വരുന്നു. കൂടാതെ നിലവിൽ 4,52,922/- രൂപയുടെ ഒരു റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയും ഉണ്ട് (PWD/BLDG/EST/18588/2025).
22	കോട്ടയം	റസ്റ്റ് ഹൗസിന്റെ അറ്റകുറ്റപ്പണികൾക്കായി GENERAL Special Repairs to New Block & Old Block Rest House Kottayam - New Block & Old Block Maintenance. Work General (PWD/BLDG/EST/13573/2026) 4,19,200/-Civil Work 63003 പേരിൽ പ്രവൃത്തി tender നടപടികൾ പൂർത്തിയാക്കി വരുന്നു. കൂടാതെ ഒരു റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തിയും നടത്തുവരുന്നു (PWD/BLDG/EST/14559/2025)
	ഇടുക്കി	
23	തേക്കടി ഐ.ബി	റസ്റ്റ് ഹൗസ് നവീകരിക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിക്കുകയും, ഈ പ്രവൃത്തിയുടെ 95% ശതമാനം പൂർത്തിയായിട്ടുള്ളതുമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം റണ്ണിംഗ് കോൺട്രാക്ട്ട് വഴി ചെയ്തുവരുന്നു.
	എറണാകുളം	
24	കാക്കനാട്	റസ്റ്റ് ഹൗസിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇ 2/125/2026-PWD നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

	പാലക്കാട്	
25	ആലത്തൂർ	ടി റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾക്കായി 8 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ നടപടികൾ ചെയ്തു വരുന്നു. വടക്കഞ്ചേരി റസ്റ്റ് ഹൗസിനായി 9.58 ലക്ഷം രൂപ അടങ്കലിൽ ലാൻഡ് സ്കേപ്പിംഗ് & ചുറ്റുമതിൽ പെയിന്റിംഗ് & പുനർ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.
26	കോട്ടായി	
27	വടക്കഞ്ചേരി	
28	നെന്മാറ	ഓൾഡ് ബ്ലോക്ക് റിനോവേഷൻ പ്രവൃത്തിക്ക് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇ 2/197/2026-PWD നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.
29	മണ്ണാർക്കാട്	മണ്ണാർക്കാട് റസ്റ്റ് ഹൗസിന്റെ പഴയ ബ്ലോക്കിന്റെയും പുതിയ ബ്ലോക്കിന്റെയും അറ്റകുറ്റ പണികൾക്കായി 23,47,600/- രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.
30	അഗളി	അടിസ്ഥാന സൗകര്യത്തിനായി ടി റസ്റ്റ് ഹൗസുകളിൽ അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിനായി 5.00 കോടി രൂപയുടെ എസ്റ്റിമേറ്റ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സി 2/244/2026-PWD നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.
	മലപ്പുറം	
31	പാണ്ടിക്കാട്	നിലവിലെ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി 5 കോടി രൂപയുടെ എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നടപടികൾ പുരോഗമിച്ചു വരുന്നു.
32	അങ്ങാടിപ്പുറം	റസ്റ്റ് ഹൗസിൽ പുതിയ ഫ്രിഡ്ജ്, ഇൻവെർട്ടർ എന്നിവയും കോൺഫറൻസ് ഹാളിൽ എയർകണ്ടീഷനും പുതിയ ചെയറുകളും, ടേബിളുകളും, ആവശ്യമുണ്ട്.
33	വളയംകുളം	നവീകരണ പ്രവൃത്തികൾ നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ്.
34	കോട്ടയ്ക്കൽ	പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ മലപ്പുറം കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു.
35	നിലമ്പൂർ	പുതിയബ്ലോക്കിൽ പെയിൻറിംഗ് പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. പഴയ കെട്ടിടത്തിന്റെ റൂഫിംഗ് മാറ്റുന്നതിനും അറ്റകുറ്റപണികൾക്കുമായി 22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും സാങ്കേതികാനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
36	എടവണ്ണ	പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.
37	അരീക്കോട്	പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 8 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

കണ്ണൂർ		
38	ഇരിക്കൂർ	ടി വിശ്രമമന്ദിരങ്ങളിൽ അറ്റകുറ്റപണികൾ നടത്തേണ്ടതായിട്ടുണ്ട്. ആയതിനുള്ള എസ്റ്റിമേറ്റുകൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ (കെട്ടിടവിഭാഗം), നോർത്ത് സർക്കിൾ, കോഴിക്കോട് കാര്യാലയത്തിൽ പരിശോധനയിലാണ്.
39	പയ്യന്നൂർ	
40	പെരിങ്ങോം	
41	കണ്ണൂർ	വി. വി. ഐ.പി. റൂമുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള എട്ട് ലക്ഷത്തിഅൻപതിനായിരം രൂപയുടെ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായി സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്
42	മാടായി	പുതിയ കെട്ടിട നിർമ്മാണപ്രവൃത്തി നടന്നു വരുന്നു.
43	തലശ്ശേരി	അറ്റകുറ്റപണികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്
44	പാനൂർ	അറ്റകുറ്റപണികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്
45	ഇരിട്ടി	അറ്റകുറ്റപണികൾ നടത്തുന്നതിനായി അഞ്ചു ലക്ഷത്തിമൂവായിരം രൂപയുടെ Running contract പ്രവൃത്തി Arrange ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റസ്റ്റ് ഹൌസിൽ front office സംവിധാനം അത്യാവശ്യമാണ്.
46	മട്ടന്നൂർ	
47	പേരാവൂർ	
കാസറഗോഡ്		
48	കാസറഗോഡ്	ടി റസ്റ്റ് ഹൗസുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്
49	പെരിയ	
50	മഞ്ചേശ്വരം	
51	ബന്ദടുക്ക	
52	കാഞ്ഞങ്ങാട്	
53	ഉപ്പള	
54	കാലിക്കടവ്	